## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2802 17/06/2019-ൽ മറുപടിയ്ക്ക്

## 'ഫോട്ടോഗ്രാഫി-വീഡിയോഗ്രാഫി അനുബന്ധ തൊഴിലാളികളുടെ ക്ഷേമം'

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മോൻസ് ജോസഫ്** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| ചോദ്യം | മറുപടി |
|---|---|
| (എ) ഫോട്ടോഗ്രാഫി-വീഡിയോഗ്രാഫി അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്നവരുടെ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) ഫോട്ടോഗ്രാഫി-വീഡിയോഗ്രാഫി അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്നവരുടെ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകി വരുന്നുണ്ട്. പ്രസ്തുത അംഗങ്ങൾക്ക് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. |
| (ബി) സാംസ്കാരിക ക്ഷേമനിധിയിൽ ഫോട്ടോഗ്രാഫർമാരുടെ അംഗത്വം പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) സിനിമ സീരിയൽ മേഖലയിൽ പ്രവർത്തിക്കുന്ന ഫോട്ടോഗ്രാഫേഴ്സിന് (സ്റ്റിൽ ഫോട്ടോഗ്രാഫേഴ്സ്) സാംസ്കാരിക ക്ഷേമനിധി അംഗീകരിച്ച സംഘടനകൾ അംഗീകാരം നൽകുന്ന മുറയ്ക്ക് അംഗത്വവും ആനുകൂല്യങ്ങളും നിലവിൽ നൽകിവരുന്നുണ്ട്. |
| (സി) ഈ മേഖലയിലെ തൊഴിലാളികൾക്കായി ഇ.എസ്.ഐ മാതൃകയിലുള്ള സമ്പൂർണ്ണ ആരോഗ്യ പരിരക്ഷ പദ്ധതി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (സി) ഫോട്ടോഗ്രാഫി-വീഡിയോഗ്രാഫി അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്നവർ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളാകുമ്പോൾ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലും (CHIS), (കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി) അംഗമാകാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**